കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - ജില്ലാ ആസൂത്രണ കമ്മിറ്റി - അംഗങ്ങളുടെ തിരഞ്ഞെടുപ്പ് - ജില്ലാ പഞ്ചായത്ത് അംഗങ്ങളുടേയും മുനിസിപ്പൽ കൗൺസിലർമാരുടേയും എണ്ണം പുതുക്കി നിശ്ചയിച്ചത് - സംവരണ സ്ഥാനങ്ങളുടെ എണ്ണം നിശ്ചയിച്ച് ഉത്തരവാകുന്നു.

=======================================================================

**തദ്ദേശ സ്വയംഭരണ (ഇഎം) വകുപ്പ്**

സ.ഉ.(സാധാ) നം. 144/2011/തസ്വഭവ തിരുവനന്തപുരം, തീയതി, 14/01/2011.

=======================================================================

പരാമർശം:- 1) 07-12-2010 -ലെ സ.ഉ. (സാധാ) 3842/2010/തസ്വഭവ നമ്പർ ഉത്തരവ്.
2) 09-12-2010 -ലെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണറുടെ 8772/ബി/10/സംതിക നമ്പർ കത്ത്.
3) 13-01-2011 -ലെ ജി.ഒ. (പി) 10/2011/തസ്വഭവ നമ്പർ ഉത്തരവ്.

<u>ഉത്തരവ്</u>

ജില്ലാ ആസൂത്രണ കമ്മറ്റി അംഗങ്ങളായി ഓരോ ജില്ലയിലും തിരഞ്ഞെടുക്കപ്പെടേണ്ട ജില്ലാ പഞ്ചായത്ത് അംഗങ്ങളുടേയും മുനിസിപ്പാലിറ്റി (മുനിസിപ്പൽ കൗൺസിലുകളും മുനിസിപ്പൽ കോർപ്പറേഷനുകളും)കളിലെ കൗൺസിലർമാരുടേയും അംഗസംഖ്യ 1995 -ലെ കേരള ജില്ലാ ആസൂത്രണ കമ്മറ്റി (അംഗങ്ങളുടെ തിരഞ്ഞെടുപ്പും യോഗ നടപടിക്രമവും) ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതനുസരിച്ച് പുതുക്കി നിശ്ചയിച്ചുകൊണ്ട് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിരുന്നു. ജില്ലാ ആസൂത്രണ കമ്മറ്റിയിലേക്ക് തിരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങളുടെ അമ്പത് ശതമാനം സ്ത്രീകളും, രണ്ട് അംഗങ്ങൾ പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോ പെട്ടവരും അവരിൽ ഒരാൾ സ്ത്രീയും ആയിരിക്കേണ്ടതാണ് എന്ന് അത് പ്രകാരം വ്യവസ്ഥ ചെയ്തിരുന്നു എങ്കിലും സംവരണ സ്ഥാനങ്ങളിലേക്ക് ജില്ലാ പഞ്ചായത്ത്, മുനിസിപ്പൽ കോർപ്പറേഷൻ, മുനിസിപ്പിൽ കൗൺസിലുകൾ എന്നിവയിൽ നിന്ന് തിരഞ്ഞെടുക്കപ്പെടേണ്ട അംഗങ്ങളുടെ എണ്ണം എത്രവീതം ആയിരിക്കണമെന്ന് നിശ്ചയിച്ചിരുന്നില്ല. ഓരോ വിഭാഗത്തിൽനിന്നും സംവരണ സ്ഥാനങ്ങളിലേക്ക് തിരഞ്ഞെടുക്കപ്പെടേണ്ട അംഗങ്ങളുടെ എണ്ണം നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശം (2) പ്രകാരം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സർക്കാരിനോട് ആവശ്യപ്പെടുകയുണ്ടായി.

2. 2009 -ലെ കേരളാ മുനിസിപ്പാലിറ്റി (ഭേദഗതി) ആക്റ്റ് പ്രകാരം കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 53-ാം വകുപ്പിൽ വന്നിട്ടുള്ള ഭേദഗതിക്കനുസൃതമായി ജില്ലാ ആസൂത്രണ കമ്മിറ്റിയിലെ സംവരണ സ്ഥാനങ്ങൾ നിശ്ചയിക്കുന്നതിനും അതിലേക്ക് തിരഞ്ഞെടുപ്പ് നടത്തുന്ന വിധം വ്യവസ്ഥ ചെയ്യുന്നതിനും ചട്ടങ്ങളിൽ ഭേദഗതി വരുത്തേണ്ടത് ആവശ്യമാണെന്ന് കണ്ടതിനാൽ 1995 -ലെ കേരള ജില്ലാ ആസൂത്രണ കമ്മറ്റി (അംഗങ്ങളുടെ തിരഞ്ഞെടുപ്പും യോഗ നടപടിക്രമവും) ചട്ടങ്ങൾ ഭേദഗതി ചെയ്ത് പരാമർശം (2) പ്രകാരം സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ചട്ടങ്ങളിലെ ഭേദഗതിയുടെ വെളിച്ചത്തിലും പരാമർശം (2) പ്രകാരമുള്ള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലും സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.

3) ആലപ്പുഴ ജില്ലാ ആസൂത്രണ കമ്മറ്റിയിലേക്ക് ആകെ തിരഞ്ഞെടുക്കപ്പെടേണ്ട 12 അംഗങ്ങളിൽ ജില്ലാ പഞ്ചായത്തംഗങ്ങളിൽ നിന്നും 11 പേരെയും മുനിസിപ്പൽ കൗൺസിലർമാരിൽ നിന്നും ഒരാളേയും തിരഞ്ഞെടുക്കേണ്ടതാണെന്ന് മറ്റുകാര്യങ്ങളുടെ കൂട്ടത്തിൽ പരാമർശം (1) പ്രകാരം നിശ്ചയിച്ച് ഉത്തരവായിരുന്നു. എന്നാൽ ഇപ്രകാരം ആലപ്പുഴ ജില്ലാ ആസൂത്രണ കമ്മറ്റിയിലേക്ക് തിരഞ്ഞെടുക്കപ്പെടേണ്ട ജില്ലാ പഞ്ചായത്ത് അംഗങ്ങളുടേയും മുനിസിപ്പൽ കൗൺസിലർമാരുടേയും സംഖ്യ നിശ്ചയിച്ചത് പ്രസ്തുത ജില്ലയിലെ ഗ്രാമ പ്രദേശങ്ങളിലേയും നഗര പ്രദേശങ്ങളിലേയും ജനസംഖ്യകൾ തമ്മിലുള്ള അനുപാതത്തിനനുസൃതമല്ലാത്തതിനാൽ പരാമർശം (1) പ്രകാരമുള്ള ഉത്തരവിൽ തദനുസരണമായ ഭേദഗതി വരുത്തേണ്ടതുണ്ട്. ആയതിനാൽ ആലപ്പുഴ ജില്ലാ ആസൂത്രണ കമ്മറ്റിയിലേക്ക് തിരഞ്ഞെടുക്കപ്പെടേണ്ട ജില്ലാ പഞ്ചായത്തംഗങ്ങളുടെ എണ്ണം 10 ആയും മുനിസിപ്പൽ കൗൺസിലർമാരുടെ എണ്ണം 2 ആയും മാറ്റി നിശ്ചയിച്ച് ഉത്തരവാകുന്നു. പരാമർശം (1) -ലെ ഉത്തരവ് ഇപ്രകാരം ഭേദഗതി ചെയ്യപ്പെട്ടതായി കണക്കാക്കേണ്ടതാണ്.

4) പരാമർശം (2) -ൽ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ആവശ്യപ്പെട്ടത് പ്രകാരം സംസ്ഥാനത്തെ ജില്ലാ ആസൂത്രണ കമ്മറ്റികളിൽ അംഗങ്ങളായി തിരഞ്ഞെടുക്കപ്പെടേണ്ടവരിൽ സ്ത്രീകൾക്കും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്കും അവരിലെ സ്ത്രീകൾക്കുമായി സംവരണം ചെയ്യേണ്ട സ്ഥാനങ്ങളുടെ എണ്ണം നിശ്ചയിച്ചുകൊണ്ടും ഉത്തരവാകുന്നു. ജില്ലാ ആസൂത്രണ കമ്മറ്റികളിലെ സംവരണ സ്ഥാനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എസ്.എം. വിജയാനന്ദ്,**
**അഡീഷണൽ ചീഫ് സെക്രട്ടറി.**

സെക്രട്ടറി, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ ജില്ലാ കളക്ടർമാർക്കും.
എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, പാങ്ങപ്പാറ, തിരുവനന്തപുരം. (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേക്കായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

## അനുബന്ധം

**1995 -ലെ കേരള ജില്ലാ ആസൂത്രണ കമ്മിറ്റി (അംഗംങ്ങളുടെ തെരഞ്ഞെടുപ്പും യോഗ നടപടിക്രമവും) ചട്ടങ്ങളിലെ ചട്ടം 3 ഉപചട്ടം (3എ) പ്രകാരം ജില്ലാ ആസൂത്രണ കമ്മിറ്റികളിലേക്ക് സ്ത്രീകൾക്കും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്കും അവരിലെ സ്ത്രീകൾക്കുമായി സംവരണം ചെയ്യപ്പെടേണ്ട സ്ഥാനങ്ങളുടെ എണ്ണം**

| ജില്ല | ജില്ലാ ആസൂത്രണ കമ്മിറ്റിയിലെ സംവരണ സ്ഥാനങ്ങൾ | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | ജില്ലാ പഞ്ചായത്ത് അംഗങ്ങൾക്ക് | | | | | കോർപ്പറേഷൻ കൗൺസിലർമാർക്ക് | | | മുനിസിപ്പൽ കൗൺസിലർമാർക്ക് | | | ആകെ | | | | |
| | ആകെ സ്ഥാനങ്ങൾ (7-12-2010 -ലെ സ.ഉ. (സാധാ) 3842/10/തസ്വഭവ കാണുക) | സ്ത്രീ സംവരണ സ്ഥാനങ്ങൾ (ഒരു പ.ജ./പ.വ. സ്ത്രീ സംവരണ സ്ഥാനം ഉൾപ്പെടെ) | പ.ജ./പ.വ സംവരണ സ്ഥാനം (ഒരു പ.ജ./പ.വ. സ്ത്രീ സംവരണ സ്ഥാനം ഉൾപ്പെടെ) | പ.ജ./പ.വ. സ്ത്രീ സംവരണ സ്ഥാനം | ആകെ സംവരണ സ്ഥാനങ്ങൾ | ആകെ സ്ഥാനങ്ങൾ (7-12-2010 -ലെ സ.ഉ. (സാധാ) 3842/10/തസ്വഭവ കാണുക) | സ്ത്രീ സംവരണ സ്ഥാനങ്ങൾ | ആകെ സംവരണ സ്ഥാനങ്ങൾ | ആകെ സ്ഥാനങ്ങൾ (7-12-2010 -ലെ സ.ഉ. (സാധാ) 3842/10/തസ്വഭവ കാണുക) | സ്ത്രീ സംവരണ സ്ഥാനങ്ങൾ | ആകെ സംവരണ സ്ഥാനങ്ങൾ | ആകെ സ്ഥാനങ്ങൾ (7-12-2010 -ലെ സ.ഉ. (സാധാ) 3842/10/തസ്വഭവ കാണുക) | സ്ത്രീ സംവരണ സ്ഥാനങ്ങൾ (ഒരു പ.ജ./പ.വ. സ്ത്രീ സംവരണ സ്ഥാനം ഉൾപ്പെടെ) (കോളം 3+8+11) | പ.ജ./പ.വ സംവരണ സ്ഥാനം (ഒരു പ.ജ./പ.വ. സ്ത്രീ സംവരണ സ്ഥാനം ഉൾപ്പെടെ) (കോളം 4) | പ.ജ./പ.വ. സ്ത്രീ സംവരണ സ്ഥാനം (കോളം 5) | ആകെ സംവരണ സ്ഥാനങ്ങൾ (കോളം 6+9+12) |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) | (11) | (12) | (13) | (14) | (15) | (16) | (17) |
| തിരുവനന്തപുരം | 8 | 3 | 2 | 1 | 4 | 3 | 2 | 2 | 1 | 1 | 1 | 12 | 6 | 2 | 1 | 7 |
| കൊല്ലം | 10 | 4 | 2 | 1 | 5 | 1 | 1 | 1 | 1 | 1 | 1 | 12 | 6 | 2 | 1 | 7 |
| പത്തനംതിട്ട | 11 | 5 | 2 | 1 | 6 | .. | .. | .. | 1 | 1 | 1 | 12 | 6 | 2 | 1 | 7 |
| ആലപ്പുഴ | 10 | 5 | 2 | 1 | 6 | .. | .. | .. | 2 | 1 | 1 | 12 | 6 | 2 | 1 | 7 |
| കോട്ടയം | 11 | 5 | 2 | 1 | 6 | .. | .. | .. | 1 | 1 | 1 | 12 | 6 | 2 | 1 | 7 |
| ഇടുക്കി | 11 | 5 | 2 | 1 | 6 | .. | .. | .. | 1 | 1 | 1 | 12 | 6 | 2 | 1 | 7 |
| എറണാകുളം | 8 | 4 | 2 | 1 | 5 | 2 | 1 | 1 | 2 | 1 | 1 | 12 | 6 | 2 | 1 | 7 |
| തൃശ്ശൂർ | 9 | 4 | 2 | 1 | 5 | 1 | 1 | 1 | 2 | 1 | 1 | 12 | 6 | 2 | 1 | 7 |
| പാലക്കാട് | 11 | 5 | 2 | 1 | 6 | .. | .. | .. | 1 | 1 | 1 | 12 | 6 | 2 | 1 | 7 |
| മലപ്പുറം | 11 | 5 | 2 | 1 | 6 | .. | .. | .. | 1 | 1 | 1 | 12 | 6 | 2 | 1 | 7 |
| കോഴിക്കോട് | 9 | 4 | 2 | 1 | 5 | 2 | 1 | 1 | 1 | 1 | 1 | 12 | 6 | 2 | 1 | 7 |
| വയനാട് | 11 | 5 | 2 | 1 | 6 | .. | .. | .. | 1 | 1 | 1 | 12 | 6 | 2 | 1 | 7 |
| കണ്ണൂർ | 10 | 5 | 2 | 1 | 6 | .. | .. | .. | 2 | 1 | 1 | 12 | 6 | 2 | 1 | 7 |
| കാസർഗോഡ് | 10 | 5 | 2 | 1 | 6 | .. | .. | .. | 2 | 1 | 1 | 12 | 6 | 2 | 1 | 7 |